പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6702 | 01.11.2011- ലെ മറുപടി

കെ.എസ്.ആർ.റ്റി.സി. യുടെ ശബരിമല സർവ്വീസുകൾ

ചോദ്യം | ഉത്തരം

ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.റ്റി.സി. യുടെ സർവ്വീസുകൾ ഏതൊക്കെ ഡിപ്പോകളിൽ നിന്നും ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം പ്രത്യേക സർവ്വീസ് കേന്ദ്രങ്ങളായ തിരുവനന്തപുരം, കൊട്ടാരക്കര, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, പൊൻകുന്നം, എരുമേലി, കുമിളി, പുനലൂർ എന്നീ ഡിപ്പോകൾക്ക് പുറമേ തീർത്ഥാടകരുടെ ആവശ്യാർത്ഥം 40 പേരിൽ കൂടുതൽ വരുന്ന സംഘങ്ങൾക്ക് ഏതു ഡിപ്പോയിൽ നിന്നു വേണമെങ്കിലും സർവ്വീസ് അനുവദിക്കുന്നതാണ്. |
| (ബി) | ഇതിലേക്ക് ഏന്തെല്ലാം ക്രമീകരണങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | (ബി) | ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിൽ നടക്കുന്ന മണ്ഡലപൂജ-മകരവിളക്ക് മഹോത്സവ കാലളവിലെ പ്രത്യേക സർവ്വീസ് നടത്തിപ്പ് നാളിതുവരെ കാര്യക്ഷമായി നടത്തുവാൻ കെ.എസ്.ആർ.ടി.സിക്ക് കഴിഞ്ഞിട്ടുണ്ട്. നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസ് വൃശ്ചിക മാസം ഒന്നാം തീയതി മുതൽ മകര വിളക്ക് മഹോത്സവം തീരുന്നത് വരെ തുടർച്ചയായി നടത്താറുണ്ട്. ശബരിമല ഉത്സവ സീസൺ തുടങ്ങുന്നതിന് മുമ്പായി 61.35 ലക്ഷം രൂപയുടെ സിവിൽ വർക്കുകൾ പമ്പ ബസ്സ് സ്റ്റേഷനിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസിനായി 150 ബസ്സുകളും കുമിളി-പുൽമേട് സർവ്വീസ് നടത്തുന്നതിനായി 40 ബസ്സുകളും ക്രമീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. പുറമേ, |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, കൊട്ടാരക്കര, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, പൊൻകുന്നം (എരുമേലി), കുമിളി, പുനലൂർ എന്നീ ഡിപ്പോകളിലേക്ക് മാത്രമായി 300 ബസ്സുകൾ ദീർഘ ദൂര പമ്പ സർവ്വീസ് നടത്തുന്നതിനായി ക്രമീകരിക്കുന്നതാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നുള്ള തീർത്ഥാടകർക്ക് ആവശ്യമായ ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനായി അവിടെയുള്ള സ്റ്റേറ്റ് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി കെ.എസ്.ആർ.ടി.സി. ചർച്ച നടത്തി ധാരണയിൽ എത്തിയിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രധാനമായും സർവ്വീസുകൾ നടത്തുന്ന യൂണിറ്റുകളിലേക്ക് മൂന്ന് ഘട്ടങ്ങളിലായി ആകെ 400-ഓളം ബസ്സുകൾ അധികമായി അനുവദിക്കുന്നതാണ്. പമ്പ - നിലയ്ക്കൽ ചെയിൻ സർവ്വീസ് നടത്തുന്നതിന് പമ്പയിൽ തന്നെ ബസ് സ്റ്റേഷൻ ആരംഭിക്കുകയും വാഹനങ്ങളുടെ പരിചരണത്തിന് ആവശ്യമായ വർക്ക്ഷോപ്പ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതുമാണ്. കൂടാതെ വിവിധ സ്ഥലങ്ങളിൽ മൊബൈൽ വർക്ക്ഷോപ്പുകൾ സജ്ജമാക്കുന്നതിനും, വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് പമ്പയിൽതന്നെ ഡീസൽ പമ്പ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മുൻ വർഷങ്ങളിലെ പോലെ അപകടരഹിതവും കാര്യക്ഷമവുമായ സേവനം കാഴ്ച വയ്ക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി. ആവശ്യമായ മുന്നൊരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ